DMOH-KKD/2363/2024-A6

1/205_8/2024

**രജി തപാൽ മടക്കരശീതി സഹിതം**

**കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ(ആരോഗ്യം) നടപടിക്രമങ്ങൾ**

**ഹാജർ : ഡോ.രാജേന്ദ്രൻ.എൻ**

വിഷയം:- ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട് -പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവർ അനധികൃതമായി ജോലിയിൽനിന്നും വിട്ട നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽനിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ:55/2020/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തീയ്യതി.16.09.2020

2.സർക്കുലർ നമ്പർ.83/2020/ധനകാര്യ വകുപ്പ് തീയ്യതി.30.12.2020

3.പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 26.11.2019 തീയ്യതിയിലെ 735/2019 നമ്പർ കത്ത്

4.ഈ ഓഫീസിലെ 17.12.2019 തീയ്യതിയിലെ എ6/9848/2019 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5.പുതുപ്പാടി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 15.07.2020 തീയ്യതിയിലെ 433/2020 നമ്പർ കത്ത്

6.ഈ ഓഫീസിലെ 30.11.2020 തീയ്യതിയിലെ എ6/18855/2019 നമ്പർ കത്ത്

**ഉത്തരവ് നം : DMOH-KKD/2363/2024-A6 തിയതി : 09-05-2024**

പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തുവരവെ (നിലവിൽ പുതുപ്പാടി കുടുംബാരോഗ്യ കേന്ദ്രം) 15 വർഷമായി ശൂന്യവേതന അവധിയിൽ തുടരുന്ന ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവർ 15 വർഷത്തെ ശൂന്യവേതന അവധി കഴിഞ്ഞ് 01.04.2019 തീയ്യതി മുതൽ 5 വർഷത്തേക്ക് കൂടി ശൂന്യവേതന അവധി ദീർഘിപ്പിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ശൂന്യവേതന അവധി അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചപ്പോൾ പകർച്ച വ്യാധികളും മറ്റു സാംക്രമിക രോഗങ്ങളും വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിലെ ഫീൽഡ്തല പ്രവർത്തനങ്ങൾ വളരെ ശക്തിപ്പെടുത്തേണ്ട സാഹചര്യത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 15 വർഷത്തിൽ കൂടുതൽ ശൂന്യവേതന അവധി അനുവദിക്കാൻ കഴിയില്ലെന്ന് പരാമർശിച്ച് ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവരുടെ 5 വർഷത്തേക്ക് കൂടി ശൂന്യവേതന അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിക്കാതെ മടക്കി അയച്ചു. പ്രസ്തുത വിവരം അറിയിച്ച് ജോലിയിൽ പുന:പ്രവേശിക്കുന്നതിനുവേണ്ടി ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവർക്ക് രേഖാമൂലം കത്ത് അയച്ചെങ്കിലും. സ്വീകരിക്കാൻ ആളില്ലാത്തതിനാൽ ഈ കത്ത് തപാൽ അധികൃതർ മടക്കി അയച്ചു തരികയും ടിയാൻ ജോലിയിൽ പുന:പ്രവേശിക്കുകയും ചെയ്യാതിരുന്നതിനാൽ ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവർ 01.04.2019 തീയ്യതി മുതൽ അനധികൃത അവധിയിലാണെന്ന് പരാമർശം (3) പ്രകാരം പുതുപ്പാടി പ്രാഥമികാരോഗ്യ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തു.

ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവരുടെ സർവ്വീസ് ക്രമീകരിച്ച് ഉത്തരവാകുകയോ, ടിയാൻ പരിവീക്ഷണകാലം പൂർത്തീകരിക്കുകയോ ചെയ്തിരുന്നില്ല.പ്രൊബേഷൻ കാലാവധിക്കുള്ളിൽ 01.04.2019 തിയ്യതി മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവരുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽനിന്നും നീക്കം ചെയ്യുവാനും

DMOH-KKD/2363/2024-A6

I/205?38/2024

താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടി കാരണം കാണിക്കൽ നോട്ടീസ് പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ മുഖേനെ ടിയാന് അയച്ചുകൊടുക്കുകയും ചെയ്തു.ടി കാരണം കാണിക്കൽ നോട്ടീസ് ടിയാൻ കൈപ്പറ്റാതെ മടങ്ങി വന്നതായി പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തു. തുടർന്ന് ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവരുടെ പേരിലുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി പരാമർശം (6) പ്രകാരം ഡയറക്ടർ ആൻഡ് സെക്രട്ടറി പബ്ലിക് റിലേഷൻസ് വകുപ്പിന് അയച്ചുകൊടുക്കുകയും ടി നോട്ടീസ് രാഷ്ട്ര ദീപിക പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടും ശ്രീ.മുഹമ്മദ് ഷമീർ.എൻ.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവരുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും നാളിതുവരെ ലഭിച്ചിട്ടില്ല.

ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവർക്ക് 15 വർഷത്തെ ശൂന്യവേതനാവധി കഴിഞ്ഞ് ജോലിയിൽ പുന:പ്രവേശിക്കുന്നതിനുള്ളനിർദ്ദേശം നൽകിയിട്ടും ടിയാൻ ജോലിയിൽ തിരികെ പ്രവേശിക്കാത്തതും, പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതും കടുത്ത അച്ചടക്കലംഘനവും , ഔദ്യോഗിക സ്വഭാവ ദൂഷ്യവും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനവും, കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റം ആയതിനാലും പരാമർശം (1),(2) പ്രകാരം 05.11.2020 തിയ്യതി പ്രാബല്യത്തിൽ ജീവനക്കാർക്ക് അനുവദിക്കാവുന്ന ശൂന്യവേതനാവധി 5 വർഷമായി നിജപ്പെടുത്തി, ശൂന്യവേതനാവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃത അവധിയിൽ തടരുന്നവർക്കെതിരെ കെ.എസ്.ആർ ഭാഗം ഒന്ന് അനുബന്ധം XII-A,ചട്ടം 9/XII - C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് സർവ്വീസിൽനിന്നും നീക്കം ചെയ്യണമെന്നുള്ള സർ ക്കാർ നിർദ്ദേശം ഉള്ളതിനാലും ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവരുടെ പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കാത്തതിനാൽ ടിയാൻ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുവാൻ അനുയോജ്യനല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലും പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ (നിലവിൽ പുതുപ്പാടി കുടുംബാരോഗ്യ കേന്ദ്രം) ശ്രീ.മുഹമ്മദ് ഷമീർ.എൻ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നവരുടെ പ്രൊബേഷൻ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 19 ഉപചട്ടം എ(2), ചട്ടം 20 ഉപചട്ടം സി പ്രകാരം അവസാനിപ്പിച്ചുകൊണ്ട് സർവ്വീസിൽനിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Dr Rajendran N
Date: 09-05-2024 06:20:58

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
കോഴിക്കോട്

സ്വീകർത്താവ്: ശ്രീ.മുഹമ്മദ് ഷമീർ.എൻ
നെല്ലിക്കൽ വീട്
മാങ്ങാട് (പി.ഓ)
കോഴിക്കോട് - 673574
(2 പകർപ്പുകൾ അയക്കുന്നു ഒന്നിൽ താങ്കളുടെ തീയ്യതിയോടുകൂടിയ കയ്യൊപ്പ് പതിച്ച് തിരിച്ച് അയച്ചുതരേണ്ടതാണ്)

പകർപ്പ് : 1.ആരോഗ്യ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2.ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്,കോഴിക്കോട്

DMOH-KKD/2363/2024-A6

I/20[illegible]38/2024

3.മെഡിക്കൽ ഓഫീസർ

കുടുംബാരോഗ്യ കേന്ദ്രം

പുതുപ്പാടി

4.ഈ ഓഫീസിലെ എ8 സെക്ഷൻ